**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ -- --688001**

**ഫോൺ:0477-2251349;ഇ-മെയിൽ: prdalppy@gmail.com,**

**വെബ് സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 1 "ഭരണഭാഷ-മാതൃഭാഷ" 2019 ഡിസംബർ 04 ബുധൻ**

---

## അടിസ്ഥാന കലകൾക്ക് പ്രാധാന്യം നൽകുന്നതിലൂടെ ഗദ്ദിക വേറിട്ട് നിൽക്കുന്നു: കുരീപ്പുഴ ശ്രീകുമാർ

ആലപ്പുഴ: നാഗരിക കലകൾക്ക് അടിസ്ഥാനമായുള്ള ആദിവാസി സമൂഹങ്ങളുടേതടക്കമുള്ള അടിസ്ഥാന കലകൾക്ക് പ്രാധാന്യം നൽകുന്നതിലൂടെ ഗദ്ദിക വേറിട്ട് നിൽക്കുന്നുവെന്ന് കവി കുരീപ്പുഴ ശ്രീകുമാര് പറഞ്ഞു. കലാ സാംസ്കാരിക രംഗത്തെ ഇത്തരം മുന്നേറ്റങ്ങളിലൂടെ ആദിവാസി-ഗോത്ര സമൂഹം പൊതുസമൂഹവുമായി കൂടുതല് ചേർന്ന് നിൽക്കുമെന്നും ഇതിന് ഗദ്ദിക പോലെയുള്ള മേളകൾ വഴിയൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗദ്ദിക നാടൻ കലാമേളയോടനുബന്ധിച്ച് രണ്ടാം ദിനം നടന്ന സാംസ്കാരിക സായാഹ്നം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാ പഞ്ചായത്തംഗം ജേക്കബ് ഉമ്മൻ അധ്യക്ഷത വഹിച്ചു. ദേവസ്വം ബോർഡ് മുൻ അംഗം കെ. രാഘവൻ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഷാഹിദാ കമാല്, അഡ്വ: റൂബി രാജ്, ദീപാ എസ്. എന്നിവർ പങ്കെടുത്തു.